# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3085 21.08.2017-ൽ മറുപടിയ്ക്ക്.

## പദ്ധതി രേഖ സമർപ്പിക്കാതിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

| ചോദ്യം<br><br>ശ്രീ.വി.ടി.ബൽറാം | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ ഈ വർഷത്തെ പദ്ധതിരേഖ 'സുലേഖ' എന്ന സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യാനുള്ള അവസാന തീയതി എന്നായിരുന്നുവെന്ന് അറിയിക്കുമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ ഈ വർഷത്തെ പദ്ധതിരേഖ 'സുലേഖ' എന്ന സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യാനുള്ള അവസാന തീയതി 15/06/2017 ആയിരുന്നു. |
| (ബി) | ഈ സമയപരിധിയ്ക്കുള്ളിൽ പദ്ധതിരേഖ സമർപ്പിക്കുന്നതിൽ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നിശ്ചിത തീയതിക്ക് മുമ്പ് പദ്ധതി രേഖകൾ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി നിർവ്വഹണത്തിൽ മുൻകാലങ്ങളിലെ മെല്ലെപ്പോക്ക് തടയുവാൻ പ്രത്യേക കർമ്മ പദ്ധതി പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ ഇതിലെ നിബന്ധനയ്ക്ക് വിരുദ്ധമായി പദ്ധതിരേഖ സമർപ്പിക്കാതിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് വിശദീകരണം ആരാഞ്ഞിരുന്നോ എന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വാർഷിക പദ്ധതി നിർവ്വഹണ കലണ്ടർ സർക്കാർ തയ്യാറാക്കുകയും തദനുസൃതമായി പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കുകയും, ഇത് മോണിറ്റർ ചെയ്യുന്നതിന് പെർഫോർമൻസ് ആഡിറ്റ് വിഭാഗത്തെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പദ്ധതിരേഖ സമയബന്ധിതമായി എല്ലാ സ്ഥാപനങ്ങളും സമർപ്പിച്ചതിനാൽ ആരോടും വിശദീകരണം ആരായേണ്ടി വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ